7631
3/4/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം. 13/2017/സാ.നീ.വ തിരുവനന്തപുരം, തീയതി 29/03/2017

പരാമർശം-1. 18.6.2013 ലെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ കത്ത്

2. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 1.4.2014, 8.7.2014 11.6.2015, 3.3.2016 എന്നീ തിയതികളിലെ 34/എ 1/2011/എച്ച്.പി.ഡബ്ല്യൂ.സി നമ്പർ കത്തുകൾ

3. 24.6.2016 ലെ സ.ഉ(എം.എസ്)നം.39/2016/സാ.നീ.വ നമ്പർ ഉത്തരവ്

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് കെ.എസ്.ആർ അനുസരിച്ചുള്ള ശമ്പളമാണ് കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്നതെന്നും എന്നാൽ കഴിഞ്ഞ ഒൻപതാം ശമ്പള പരിഷ്കരണം ഈ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഇതേ വരെ സർക്കാരിൽ നിന്നും അനുവദിച്ചിട്ടില്ലെന്നും ശമ്പള പരിഷ്കരണം നടപ്പിലാക്കിയാലുണ്ടാകുന്ന അധിക ബാധ്യത കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിച്ചുകൊണ്ട് കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തിട്ടുള്ളതാണെന്നും അതിനാൽ ശമ്പളപരിഷ്കരണം അനുവദിക്കണമെന്നും പരാമർശം 1 പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

പരാമർശം 2 ലെ കത്തുകൾ പ്രകാരം അനുബന്ധ രേഖകൾ സമർപ്പിച്ചു കൊണ്ട് ഒൻപതാം ശമ്പളപരിഷ്കരണം ജീവനക്കാർക്ക് അനുവദിക്കണമെന്ന് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിന് ശുപാർശ നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 3 പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഒൻപതാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് മുന്നോടിയായി വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| 1. | മാനേജിംഗ് ഡയറക്ടർ | As per the terms and conditions of the appointment of MD or as per G.O(P) 19/2009/Planning dated 30.5.2009 | |
| 2. | ഫിനാൻസ് ഓഫീസർ | As in the parent department | |
| 3. | റീജിയണൽ ഓഫീസർ | 10790-18000 | 18740-33680 |
| 4. | ജൂനിയർ സൂപ്രണ്ട് | 9190-15510 | 16180-29180 |
| 5 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 6680-10790 | 11620-20240 |
| 6. | പ്രോജക്ട് അസിസ്റ്റന്റ് | 6680-10790 | 11620-20240 |
| 7. | യു.ഡി.ക്ലാർക്ക് | 6680-10790 | 11620-20240 |
| 8. | യു.ഡി.അക്കൗണ്ടന്റ് | 6680-10790 | 11620-20240 |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6080-9830 | 10480-18300 |
| 10. | ക്ലർക്ക്-കം-അക്കൗണ്ടന്റ് | 6680-10790 | 11620-20240 |
| 11. | മാനേജർ | 5250-8390 | 9190-15780 |
| 12. | എൽ.ഡി.ക്ലാർക്ക് | 5250-8390 | 9190-15780 |

| | | | |
|---|---|---|---|
| 13. | ക്ലാർക്ക്-കം-കാഷ്യർ | 5250-8390 | 9190-15780 |
| 14. | എൽ.ഡി.അക്കൌണ്ടന്റ് | 5250-8390 | 9190-15780 |
| 15. | എൽ.ഡി.ടൈപ്പിസ്റ്റ് | 5250-8390 | 9190-15780 |
| 16. | അസിസ്റ്റന്റ് മാനേജർ | 5250-8390 | 8730-13540 |
| 17. | ഡ്രൈവർ | 5250-8390 | 9190-15780 |
| 18. | അറ്റൻഡർ | 4630-7000 | 8500-13210 |
| 19. | സെയിൽസ് മാൻ | 4510-6230 | 8500-13210 |
| 20. | സെയിൽസ് വുമൺ | 4510-6230 | 8500-13210 |
| 21. | വർക്കർ | 4510-6230 | 8500-13210 |
| 22. | പ്യൂൺ | 4510-6230 | 8500-13210 |
| 23. | പ്യൂൺ-കം-സ്വീപ്പർ | 4510-6230 | 8500-13210 |
| 24. | സ്റ്റോർ അസിസ്റ്റന്റ് | 8960-14260 | 8960-14260 |
| 25. | പാർട്ട് ടൈം സ്വീപ്പർ | 2500+DA | 4850-7500 |
| | | 2300+DA | 4250-6700 |

1. മേൽപ്പറഞ്ഞവയല്ലാതെ ഒരു തസ്തികകൾക്കും ഈ ശമ്പളപരിഷ്കരണം ബാധകല്ല.
2. ശമ്പളപരിഷ്കരണം 1.7.2009 മുതൽ നോഷണൽ ആയിരിക്കും. 1.4.2012 മുതൽ മാത്രമേ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ.
3. ശമ്പള കുടിശ്ശിക, മറ്റു ചെലവുകൾ എന്നിവ കോർപ്പറേഷൻ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.
4. 1.4.2012 മുതലുള്ള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് കോർപ്പറേഷന് സ്വന്തം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തീരുമാനം എടുക്കാവുന്നതാണ്. ശമ്പളപരിഷ്കരണത്തിന്റെ എല്ലാ ബാധ്യതകളും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് സർക്കാർ യാതൊരു ബാധ്യതയും വഹിക്കുന്നതല്ല.
5. 1.7.2009 ന് നിലവിലുള്ള 64% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിക്കപ്പെടുന്നതാണ്. 1.7.2009 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കും.
6. ശമ്പള നിർണ്ണയം സംബന്ധിച്ച് 26.2.2011 ലെ സ.ഉ(പി)നം.85/2011/ധന നമ്പർ ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയിറ്റേജിന് വികലാംഗക്ഷേമ കോർപ്പറേഷനിലെ റഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ്.
7. വീട്ടുവാടക ബത്ത 26.2.2011 ലെ സ.ഉ(പി)നം.85/2011/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.
8. സിറ്റി കോമ്പൻസേറ്ററി അലവൻസ് 26.2.2011 ലെ സ.ഉ(പി)നം.85/2011/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 15 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. സിറ്റി കോമ്പൻസേറ്ററി അലവൻസ് നഗര പരിധിയിലുള്ള ഓഫീസുകളിലെ ജീവനക്കാർക്ക് മാത്രം അനുവദനീയമാണ്.
9. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് സ.ഉ(പി) നം.85/2011/ധന തീയതി 26.2.2011 ന്റെ ഖണ്ഡിക 6 ലേയും അനക്സർ III ലേയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 1.2.2011 ആണ്
10. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പള സ്കെയിൽ പരിഷ്കരണം, റേഷ്യോ പ്രമോഷൻ, അപ്ഗ്രഡേഷൻ, തസ്തികകളുടെ പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
11. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ(ശമ്പളം, അലവൻസുകൾ, ലീവ്, പ്രമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ല.
12. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങളെന്തെങ്കിലും വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ഈ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണ്.
13. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടില്ല.
14. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ നിയമനം നടത്താൻ പാടില്ല.
15. ശമ്പളസ്കെയിലുകളുടെയും അലവൻസുകളുടെയും പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് 26.2.2011 ലെ സ.ഉ(പി) നം.85/2011/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
16. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള നിർണ്ണയം സംബന്ധിച്ച് 15.7.2011 ലെ 42/2011/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

17. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
18. കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും, വിവിധ പ്രോജക്ടുകളിലേയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതുമായ ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ്.
19. വികലാംഗക്ഷേമ കോർപ്പറേഷനിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പുനർ വിന്യാസത്തിന് പ്രഥമ പരിഗണന നൽകേണ്ടതും ഇത്തരത്തിൽ പുനർ വിന്യാസത്തിനുള്ള സാധ്യതയില്ലാത്ത സാഹചര്യങ്ങളിൽ മറ്റു നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിച്ച് മാത്രം നിയമനം നടത്തേണ്ടതുമാണ്.
20. വികലാംഗക്ഷേമ കോർപ്പറേഷനിലെ എല്ലാ നിയമനങ്ങളും(റഗുലർ, കരാർ, ദിവസക്കൂലി, പ്രോജക്ട്) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി അവസാനിപ്പിച്ച് സർക്കാർ അംഗീകാരമുള്ള തസ്തികകളിലേയ്ക്കു മാത്രം നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതാണ്.
21. എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേയ്ക്കുള്ള തൊഴിലുടമ വിഹിതം സംബന്ധിച്ച് എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. തൊഴിലുടമാ വിഹിതം 6500 ന്റെ 12% (അടിസ്ഥാന ശമ്പളം+ ക്ഷാമബത്ത) ആയിരിക്കും.
22. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.
23. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.
24. വികലാംഗക്ഷേമ കോർപ്പറേഷനിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടിക വർഗ്ഗം മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.
25. വികലാംഗക്ഷേമ കോർപ്പറേഷനിലെ നാളിതുവരെയുള്ള ശമ്പള ഫിക്സേഷനുകൾ 31.12.2013 ലെ 12/2013/ധന, 25.10.2013 ലെ 82/2013/ധന എന്നീ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ച് ടി വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.
26. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ വിവിധ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത, നിയമന രീതി, ജോലിയുടെ സ്വഭാവം, പ്രമോഷൻ പോളിസി എന്നിവയെല്ലാം വ്യക്തമായി നിർവ്വചിച്ച് കൊണ്ടും കാലാനുസൃതമായി പരിഷ്കരിച്ചു കൊണ്ടും സമഗ്രമായ ഒരു സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശ വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മൂന്ന് മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.
27. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിനി ആന്റണി ഐ.എ. എസ്
സ്പെഷൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ് /എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 27.11.2016 തീയതിയിലെ PRC C 3/7/14 നം കുറിപ്പുകൾ)
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-02-2017.**

ഫയൽ നം.9748/ഡി1/2013/സാ.നീ.വ. ഇനം നം: 686

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് കൂടി ഒൻപതാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 9748/ഡി1/13/സാ.നീ.വ |
| 2. | വകുപ്പ് | : സാമൂഹ്യനീതി വകുപ്പ് |
| 3. | വിഷയം | : സാ.നീ.വ-കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് കൂടി ഒൻപതാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 20.1.2017 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.കെ.എം.ലീലാമണി |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.മിനി ആന്റണി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 30.01.2017 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.എസ്.എം.വിജയാനന്ദ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 30.01.2017 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 31.01.2017 |
| 14. | കുറിപ്പിന്റെ പകർപ്പ് സമർപ്പിച്ച തീയതി | : 01.02.2017 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് കെ.എസ്.ആർ അനുസരിച്ചുള്ള ശമ്പളമാണ് കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് പത്താം ശമ്പള പരിഷ്കരണം നിലവിൽ വന്ന് കഴിഞ്ഞു. എന്നാൽ കഴിഞ്ഞ ഒൻപതാം ശമ്പള പരിഷ്കരണം ഈ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഇതേ വരെ സർക്കാരിൽ നിന്നും അനുവദിച്ചിട്ടില്ല . സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിക്കാത്തതാണ് ഒൻപതാം ശമ്പള പരിഷ്കരണം വികലാംഗക്ഷേമ കോർപ്പറേഷനിൽ അനുവദിക്കാൻ കഴിയാതിരുന്നത്. എന്നാൽ ശമ്പളപരിഷ്കരണം മൂലമുണ്ടാകുന്ന അധിക ബാധ്യത കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽ നിന്ന് വഹിക്കാൻ കഴിയുമെന്നും കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിരുന്നു എന്നും വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

3. തുടർന്ന് ടി ഫയൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായത്തിന് നൽകിയെങ്കിലും ശമ്പളപരിഷ്കരണം നടത്തുന്നതിന് ടി വകുപ്പ് എതിരായിരുന്നു.

4. ധനകാര്യവകുപ്പും ശമ്പളപരിഷ്കരണം നൽകുന്നതിനോട് യോജിച്ചില്ല. തുടർന്ന് ഉന്നതതല ശുപാർശയോടെ വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ഒൻപതാം ശമ്പളപരിഷ്കരണം നടത്തുന്നതിനായി വീണ്ടും ഫയൽ ധനകാര്യവകുപ്പിന് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

5. "കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഒരു ഉത്തരവ്

പുറപ്പെടുവിച്ച ശേഷം അനുബന്ധം 1 ൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ്.

6. ആയത് പ്രകാരം 24.6.2016 ലെ സ . ഉ ( എം . എസ് ) നം .39/16/ സാ . നീ . വ പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിലെ വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

7. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ശമ്പള പരിഷ്കരണ ശുപാർശ മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാമോ എന്നതിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കുവാൻ മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

26.2.2011 ലെ സ.ഉ(പി)നം.85/2011/ ധനം അനുസരിച്ച് 01.07.2009 മുതൽ സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഒൻപതാംശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ 01.07. 2009 മുതൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് കൂടി അനുവദിക്കാമോ?

## അനുബന്ധം 1

| ക്രമ നം. | തസ്തികയുടെ പേര് | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| | മാനേജിംഗ് ഡയറക്ടർ | As per the terms and conditions of the appointment of MD or as per G.O(P) 19/2009/Planning dated 30.5.2009 | |
| | ഫിനാൻസ് ഓഫീസർ | As in the parent department | |
| | റീജിയണൽ ഓഫീസർ | 10790-18000 | 18740-33680 |
| | ജൂനിയർ സൂപ്രണ്ട് | 9190-15510 | 16180-29180 |
| | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 6680-10790 | 11620-20240 |
| | പ്രോജക്ട് അസിസ്റ്റന്റ് | 6680-10790 | 11620-20240 |
| | യു . ഡി . ക്ലാർക്ക് | 6680-10790 | 11620-20240 |
| | യു , ഡി . അക്കൌണ്ടന്റ് | 6680-10790 | 11620-20240 |
| | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6080-9830 | 10480-18300 |
| | ക്ലർക്ക് - കം - അക്കൌണ്ടന്റ് | 6680-10790 | 11620-20240 |
| | മാനേജർ | 5250-8390 | 9190-15780 |
| | എൽ . ഡി . ക്ലാർക്ക് | 5250-8390 | 9190-15780 |
| | ക്ലാർക്ക് - കം - കാഷ്യർ | 5250-8390 | 9190-15780 |
| | എൽ . ഡി . അക്കൌണ്ടന്റ് | 5250-8390 | 9190-15780 |
| | എൽ . ഡി . ടൈപ്പിസ്റ്റ് | 5250-8390 | 9190-15780 |
| | അസിസ്റ്റന്റ് മാനേജർ | 5250-8390 | 8730-13540 |

| | | | |
|---|---|---|---|
| | ‌ഡ്രൈവർ | 5250-8390 | 9190-15780 |
| | അറ്റൻഡർ | 4630-7000 | 8500-13210 |
| | സെയിൽസ് മാൻ | 4510-6230 | 8500-13210 |
| | സെയിൽസ് വുമൺ | 4510-6230 | 8500-13210 |
| | വർക്കർ | 4510-6230 | 8500-13210 |
| | പ്യൂൺ | 4510-6230 | 8500-13210 |
| | പ്യൂൺ - കം - സ്വീപ്പർ | 4510-6230 | 8500-13210 |
| | സ്റ്റോർ അസിസ്റ്റന്റ് | 5250-8390 | 8960-14260 |
| | പാർട്ട് ടൈം സ്വീപ്പർ | 2500+DA | 4850-7500 |
| | | 2300+DA | 4250-6700 |

2. മേൽപ്പറഞ്ഞവയല്ലാതെ ഒരു തസ്തികയ്ക്കും ഈ ശമ്പളപരിഷ്കരണം ബാധകല്ല.
3. ശമ്പളപരിഷ്കരണം 1.7.2009 മുതൽ നോഷണൽ ആയിരിക്കും. 1.4.2012 മുതൽ മാത്രമേ മോണിറ്ററി ബെനിഫിറ്റ്സ് ലഭിക്കുകയുള്ളൂ.
4. ശമ്പള കുടിശ്ശിക, മറ്റു ചെലവുകൾ എന്നിവ കോർപ്പറേഷൻ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.
5. 1.4.2012 മുതലുള്ള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് കോർപ്പറേഷന് സ്വന്തം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തീരുമാനം എടുക്കാവുന്നതാണ്. ശമ്പളപരിഷ്കരണത്തിന്റെ എല്ലാ ബാധ്യതകളും കോർപ്പറേഷന് തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് സർക്കാർ യാതൊരു ബാധ്യതയും വഹിക്കുന്നതല്ല.
6. 1.7.2009 ന് നിലവിലുള്ള 64% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിക്കപ്പെടുന്നതാണ് . 1.7.2009 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കും .
7. ശമ്പള നിർണ്ണയം സംബന്ധിച്ച് 26.2.2011 ലെ സ.ഉ( പി )നം.85/2011/ ധന നമ്പർ ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയിറ്റേജിന് വികലാംഗക്ഷേമ കോർപ്പറേഷനിലെ റഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ് .
8. വീട്ടുവാടക ബത്ത 26.2.2011 ലെ സ.ഉ( പി )നം.85/2011/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .
9. സിറ്റി കോമ്പൻസേറ്ററി അലവൻസ് 26.2.2011 ലെ സ . ഉ ( പി ) നം .85/2011/ ധന ഉത്തരവിന്റെ ഖണ്ഡിക 15 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. സിറ്റി കോമ്പൻസേറ്ററി അലവൻസ് നഗര പരിധിയിലുള്ള ഓഫീസുകളിലെ ജീവനക്കാർക്ക് മാത്രം അനുവദനീയമാണ് .

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് സ.ഉ ( പി ) നം .85/2011/ ധന തീയതി 26.2.2011 ന്റെ ഖണ്ഡിക 6 ലേയും അനക്സർ III ലേയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി 1.2.2011 ആണ് .

11. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പള സ്കെയിൽ പരിഷ്കരണം, റേഷ്യോ പ്രമോഷൻ, അപ്ഗ്രഡേഷൻ, തസ്തികകളുടെ പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല .

12. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ( ശമ്പളം, അലവൻസുകൾ, ലീവ്, പ്രമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ല .

13. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങളെന്തെങ്കിലും വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ഈ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണ് .

14. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടില്ല .

15. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ നിയമനം നടത്താൻ പാടില്ല .

16. ശമ്പളസ്കെയിലുകളുടെയും അലവൻസുകളുടെയും പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് 26.2.2011 ലെ സ.ഉ( പി ) നം .85/2011/ ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

17. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള നിർണ്ണയം സംബന്ധിച്ച് 15.7.2011 ലെ 42/2011/ ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

18. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുമ്പ് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ് .

19. കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും . വിവിധ പ്രോജക്ടുകളിലേയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതുമായ ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല . ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ് .

20. വികലാംഗക്ഷേമ കോർപ്പറേഷനിൽ ജീവനക്കാരെ നിയമിക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പുനർ വിന്യാസത്തിന് പ്രഥമ പരിഗണന നൽകേണ്ടതും ഇത്തരത്തിൽ പുനർ വിന്യാസത്തിനുള്ള സാധ്യതയില്ലാത്ത സാഹചര്യങ്ങളിൽ മറ്റു നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിച്ച് മാത്രം നിയമനം നടത്തേണ്ടതാണ്

21. വികലാംഗക്ഷേമ കോർപ്പറേഷനിലെ എല്ലാ നിയമനങ്ങളും ( റഗുലർ, കരാർ, ദിവസക്കൂലി , പ്രോജക്ട് ) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ് . എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ , കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി അവസാനിപ്പിച്ച് സർക്കാർ അംഗീകാരമുള്ള തസ്തികകളിലേയ്ക്കു മാത്രം നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതാണ് .

22. എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേയ്ക്കുള്ള തൊഴിലുടമ വിഹിതം സംബന്ധിച്ച് എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. തൊഴിലുടമാ വിഹിതം 6500 ന്റെ 12% ( അടിസ്ഥാന ശമ്പളം + ക്ഷാമബത്ത ) ആയിരിക്കും.

23. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ് , ശമ്പളം ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല . പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ് .

24. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല .

25. വികലാംഗക്ഷേമ കോർപ്പറേഷനിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടിക വർഗ്ഗം മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

26. വികലാംഗക്ഷേമ കോർപ്പറേഷനിലെ നാളിതുവരെയുള്ള ശമ്പള ഫിക്സേഷനുകൾ 31.12.2013 ലെ 12/2013/ ധന, 25.10.2013 ലെ 82/2013/ ധന എന്നീ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ച് ടി വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

27. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ വിവിധ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത, നിയമന രീതി, ജോലിയുടെ സ്വഭാവം, പ്രമോഷൻ പോളിസി എന്നിവയെല്ലാം വ്യക്തമായി നിർവ്വചിച്ച് കൊണ്ടും കാലാനുസൃതമായി പരിഷ്കരിച്ചു കൊണ്ടും സമഗ്രമായ ഒരു സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശ വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മൂന്ന് മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണ് .

28. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്